# <u>സ്ത്രീ</u>

(ജോർജ് നടവയൽ)

**സ്ത്രീയേ;**

**ശക്തീ, പ്രകൃതീ,**

**നീയാണൊക്കെയും!**

നീലാകാശം മുഖമമർത്തും
തെളിനീർത്തടാകം;
അതിൽ:
കണ്ണന്റെ കണ്ണാം
മീനാക്ഷി കണ്ണിൽപ്പകർത്തും
മീൻ ഇളക്കങ്ങൾ;
ചാരേ:
പഞ്ചവർണ്ണ തത്തകൾ
തത്തിമേവും പൊൻ കതിർപ്പാടം;
തേൻപൂക്കളും വർണ്ണശലഭങ്ങളും
കിന്നാരം ചൊല്ലും മൃദുമർമ്മരം;
ചെമ്പഴുക്കാക്കുല, തെങ്ങിൻപൂക്കുല
ഇളനീർതേൻകുല, കദളിവാഴക്കുല
കരുതിപ്പോറ്റുന്ന തൊടിയിടങ്ങൾ;
മാമ്പൂമണമായ് ചുറ്റിനടക്കും
കോകിലവാണികൾ;
ഇളം മഞ്ഞക്കസവു പുടവകൾ
ഞൊറിയിട്ടുടുക്കും
പോക്കുവെയിലുകൾ കെട്ടിപ്പിടിക്കും
തുളസ്സിത്തറ;
മുറ്റത്തരികിൽ
മധുരം കിനിയുന്ന മാവിൽ
ആകെ പടരുന്ന
തൂവെള്ളമുല്ലകൾ;

തൊടിയിൽ തുമ്പികൾ,
തുമ്പകൾ, തുഷാരനാമ്പുകൾ;
വീട്ടിൽ തെളിയുന്ന
ഭദ്രദീപ ത്തിരി നാളങ്ങൾ!!…..

ഇത്തരം
പൂവേത്, പൂമ്പാറ്റയേത്?
സാഗരത്തിരയേത്,
ഗഗനനീലമേത്?
**സ്ത്രീയേ;**
**ശക്തീ, പ്രകൃതീ,**
**നീയാണൊക്കെയും!**

നിറവന ഹരിതമേത്?
കുളിർപ്പുളിനപ്പുളകമേത്?
പഞ്ചവർണ്ണക്കിളിക്കൊഞ്ചലേത്?
ശുദ്ധമാം പാൽപ്പെയ്യേത്?
തേനേത്, തെളിനീരേത്?
**സ്ത്രീയേ;**
**ശക്തീ, പ്രകൃതീ,**
**നീയാണൊക്കെയും!**

ഇണമാനേത്,
തുണമൈലേത്?
കണ്ണേത്, കരളേത്?
കതിരേത്, കനലേത്?
കുളിരേത്?
ഇളം ചൂടേത്?
**സ്ത്രീയേ;**
**ശക്തീ, പ്രകൃതീ,**

**നീയാണൊക്കെയും!**

മഴവിൽ നിറമേത്?

ചന്ദനത്തെെലമേത്?

താരകപ്പൊന്നേത്?

പ്രവാഹ പ്പെരുമഴയേത്?

നിലവിളക്കേത്,  തിരിനാളമേത്?

**സ്ത്രീയേ;**

**ശക്തീ, പ്രകൃതീ,**

**നീയാണൊക്കെയും!**

പാൽച്ചിരിയേത്,  സുന്ദരപരിഭവമേത്?

താരാട്ടേത്,  മൃദുശാസനമേത്?

തരിവളച്ചിരിയേത്, കാൽച്ചിലമ്പൊലിയേത്?

കൊഞ്ചൽ വാണിയേത്?

**സ്ത്രീയേ;**

**ശക്തീ, പ്രകൃതീ,**

**നീയാണൊക്കെയും!**

ഓമനക്കുഞ്ഞേത്,

നിർമ്മാല്യമാകും അമ്മയേത്?

ഗുരുവേത്, ദേവിയേത്?

സർവ്വം സഹയേത്?

അമലോത്ഭവയേത്(1), രാധയേത്?

**സ്ത്രീയേ;**

**ശക്തീ, പ്രകൃതീ,**

**നീയാണൊക്കെയും!**

**സ്ത്രീയേ;**

**നീയെന്നിയേ മറ്റാരുമെന്ത്? ...**

**നേർപൂരുഷർക്കും**

**സ്ത്രൈണകുലജാതകൾക്കും**

**സൃഷ്ടിസ്ഥിതി ലയതാളങ്ങൾക്കും**

**സ്ത്രീയേ;**

**നീയെന്നിയേ മറ്റാരുമെന്ത്?**

ഇതിങ്ങനെയെങ്കിലും..;
ആസുരകിരാതം–
വലയൊരുക്കിക്കെണിയൊരുക്കി
ദംഷ്ട്ര മിനുക്കി,
നഖമാഴ്ത്തി
കോർമ്പല്ലിൽ കോർത്ത്
അമ്മാനമാടുന്നൂ
ദുശ്ശാസ്സന(2) പർവ്വങ്ങളിവിടെ.

തൂവൽ സ്പർശയാം വേറോണിക്കേ(3),
അഗ്നിപുത്രിയാം ദ്രൗപതീ(4),
ഭൂകന്യയാം സീതേ,
കല്ലേറിൽ വാടാത്ത മഗ്ദലനേ(5),
സ്മാർത്തം ചെറുത്തോരു കെട്ടിലമ്മേ,
മാറുപറിച്ചെറിഞ്ഞ കണ്ണകീ(6),
മുലചുരത്തി കൊത്തുകല്ലിൽ
മക്കളെ കാത്തിരിക്കും ദുഖപുത്രീ(7),
പിയാത്തയാകും അമ്മേ(8),
സാവിത്രീ(9)....
കോർമ്പല്ലിൽ കോർത്തമ്മാനമാടുന്നൂ
ദുശ്ശാസ്സന പർവ്വങ്ങളിവിടെ.

പൂദളങ്ങളെ കാർന്നു

ചീർക്കും പുഴുക്കുത്തുകൾ;
മാടപ്രാപ്പിടിയൻ കഴുകിന്റെ–
കൂർമ്പൻ കൊക്കുകൾ;
പേടമാനിൽ ആഴ്ന്നുറയും
സിംഹപ്പല്ലുകൾ;
സ്നിഗ്ദ്ധയാം പെണ്ണാടിൻ
ഉടലുരിയും ചെന്നായ് നഖങ്ങൾ;
മുട്ടയിടും പക്ഷിയെ
കുരുക്കും കുറുക്കൻ കണ്ണുകൾ;
അഗതിയാം കുമാരിയെ
പച്ചയ്ക്കു തിന്നും
തെരുവുകാമക്കുന്തമുനകൾ;
ചെം തെരുവിൽ(10)
പെണ്മാംസം കെട്ടിയിട്ട
ഇരുമ്പുജനലഴികൾ;
സ്ത്രീവിലാപ വായ്കളിൽ
സ്ഖലിത പച്ചയിറച്ചി തിരുകിയ
പകൽ മാന്യരുടെ
ഗേറ്റുകമ്പിക്കൊമ്പുകൾ;
ഓടുന്ന ബസ്സിൽ
പെൺകുരുന്നിന്റെ
തുടകൾ, മാറുകൾ, ജനനരന്ധ്രങ്ങൾ
കീറിമുറിയ്ക്കും  പേയുളിപ്പല്ലുകൾ;
സിനിമയ്ക്കും സർക്കസ്സിനും
പേജന്റിനും ഫാഷൻപരേഡിനും
കൂട്ടിക്കൊടുക്കപ്പെടുന്ന
കോമളത്ത്വങ്ങൾ;
ന്യൂജെൻ തരംഗങ്ങൾക്കു
യോനീ പൂജയൊരുക്കും
കൊക്കെൻ ധൂളികൾ(11);
ബോഡീ ബിൽഡിങ്ങിൽ

മസ്സിലു മെനയും

ലിംഗ നെയ്യഭിഷേകങ്ങൾ...

ഉരുവായ ജീവനെ,

ഭ്രൂണത്തെ, ഗർഭത്തെ

കരിക്കുന്ന കശാപ്പു

കത്തി ത്തീ ത്തിരികൾ..!!

വെള്ളം വീഞ്ഞാക്കിയോൻ

മൂവാണികളിൽ പിടയുന്നൂ;

‘‘ സ്ത്രീയേ..

എനിക്കും നിനക്കുമെന്തെന്നു

നാവുപിഴ്ച്ചതു മാപ്പാക്കണമമ്മേ;

അമലോത്ഭവേ;... ’’(12)

സ്ത്രീയേ; കണ്ണകീ!!

**സ്ത്രീയേ;**

**ശക്തീ, പ്രകൃതീ,**

**നീയാണൊക്കെയും!**

**സ്ത്രീയേ;**

**നീയെന്നിയേ മറ്റാരുമെന്ത്? ...**

**നേർപൂരുഷർക്കും**

**സ്ത്രൈണകുലജാതകൾക്കും**

**സൃഷ്ടിസ്ഥിതി ലയതാളങ്ങൾക്കും**

**സ്ത്രീയേ;**

**നീയെന്നിയേ മറ്റാരുമെന്ത്?**

*(1) യേശുവിന്റെ അമ്മ, ജന്മപാപമില്ലാത്തവൾ അമലോത്ഭവ*

*(2) പാഞ്ചാലീ വസ്ത്രാക്ഷേപത്തിനു ഒരുമ്പെട്ടത് ദുശ്ശാസ്സനൻ*

*(3) ക്രിസ്തുവിന്റെ പീഢാസഹനത്തിൽ ആശ്വാസം പകർന്ന് മുഖം തൂവാലയാൽ തുടച്ച സ്ത്രീ വേറോണിക്ക*

*(4) അഗ്നിയിൽ നിന്നും രൂപം കൊണ്ടവൾ ദ്രൗപതി (പാഞ്ചാലി)*

*(5) വ്യഭിചാരക്കുറ്റത്തിന് അസൂയാലുക്കൾ പിടിച്ച മഗ്ദലനാ മേരി എന്ന സ്ത്രീയെ യേശു രക്ഷിച്ചു; പാപം ചെയ്യാത്തവർ കല്ലെറിയട്ടേ എന്നാണ് ക്രിസ്തു പറഞ്ഞത്.*

*(6)ഭർത്താവിനെ അന്യായമയി വധിച്ച രാജ നീതിക്കെതിരെ ധാർമിക രോഷം കൊണ്ട് വിജയം വരിച്ച ധീര നായിക കണ്ണകി , ചിലപ്പതികാരം കവിതയിലെ കഥ, തിരുവനതപുരം ആറ്റുകാൽ പൊങ്കാല ഇതുമായി ബന്ധപ്പെട്ടതാണ്*

*(7) ഓ എൻ വി യുടെ അമ്മ എന്ന കവിതയിൽ 9 കല്പണിക്കാരിൽ മൂത്ത സഹോദരന്റെ ഭാര്യയെ കല്പണി ഉറയ്ക്കാൻ ഭിത്തിയിൽ ജീവനോടെ ചേർത്തു പണിതപ്പോൾ മാറു ചുരത്തി ആ അമ്മ മക്കൾക്കായി നിലകൊണ്ടു എന്നത്*

*(8) യേശുവിന്റെ മൃതദേഹം മാതാവിന്റെ മടിയിൽ കിടത്തുന്ന കരളലിവിന്റെ മൈക്കലാഞ്ചലോ ശില്പം*

*(9) മഹാഭാരതത്തിലെ സാവിത്രി അവളുടെ ഭർത്താവിന്റെ ആയുസ്സ് യമനിൽ നിന്ന് കൊടും ഉപവാസ്സതപസ്സിലൂടെ തിരിച്ചു വാങ്ങുന്ന കഥ*

*(10) ചുവന്ന തെരുവ്*

*(11) കേരളത്തിൽ 2015 ൽ ന്യൂ ജനറേഷൻ സിനിമാക്കാരുമായി ബന്ധപ്പെട്ട് എറണാകുളം കേന്ദ്രീകരിച്ച് ഉയർന്ന മയക്കുമരുന്ന ഉപയോഗം*

*(12) കാനായിലെ കല്യാണത്തിന് വീഞ്ഞു തീർന്ന് അപമാനിതരാകുമായിരുന്ന കുടംബത്തെ സഹായിക്കണമെന്ന് മാതാവ് യേശുവിനോട് ആവശ്യപ്പെട്ടപ്പോൾ യേശു പറഞ്ഞത് ''സ്ത്രീയേ, എനിക്കും നിനക്കും എന്ത്?''*